**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാട്ടാക്കട മണ്ഡലം - വറ്റാത്ത ഉറവയ്ക്കായ് ജലസമൃദ്ധി - പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.**3198**/2016/തസ്വഭവ     തിരുവനന്തപുരം, തീയതി, 24/11/2016

---

പരാമർശം:- 1. ശ്രീ. ഐ.ബി. സതീഷ് എം.എൽ.എ യുടെ 07/10/2016 ലെ കത്ത്.
2. 14/11/2016 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം.
3. സ.ഉ.(എം.എസ്) 58/2006/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

തിരുവനന്തപുരം കാട്ടാക്കട മണ്ഡലത്തിൽ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന "വറ്റാത്ത ഉറവയ്ക്കായ് ജലസമൃദ്ധി" എന്ന പദ്ധതിക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കണമെന്ന് പരാമർശ (1) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു പരാമർശം (2) ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മലയിൻകീഴ്, വിളവൂർക്കൽ, വിളപ്പിൽ, മാറനല്ലൂർ, കാട്ടാക്കട, പള്ളിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും നേമം, വെള്ളനാട് ബ്ലോക്ക് പഞ്ചായത്തുകൾക്കും അവരുടെ തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ വീതവും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അവരുടെ തനത് ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപയും അവരുടെ കൗൺസിൽ തീരുമാനത്തിനും പരാമർശം (3) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തുക നൽകുന്ന ഗ്രാമപഞ്ചായത്തുകൾ/ ബ്ലോക്ക് പഞ്ചായത്തുകൾ / ജില്ലാ പഞ്ചായത്തുകൾക്ക് "വറ്റാത്ത ഉറവയ്ക്കായ് ജലസമൃദ്ധി" പദ്ധതിയുടെ ജനറൽ കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)

~~സെക്രട്ടറി~~, ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം (ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിന്)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ